**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2389** **21-01-2021 - ൽ മറുപടിയ്ക്ക്**

**പഴയങ്ങാടി സബ് ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഇൻകെൽ നിർമ്മാണ നിർവ്വഹണ ഏജൻസിയായി നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലെത്തി നിൽക്കുന്ന 243 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സബ് ട്രഷറി കെട്ടിടനിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഈ സർക്കാരിന്റെ കാലത്തു തന്നെ ട്രഷറി കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (എ) | പഴയങ്ങാടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 16/07/2017 തീയതിയിലെ സ.ഉ(സാധാ) നം. 5721/2017/ധന ഉത്തരവ് പ്രകാരം 2,43,18,330/- രൂപയുടെ ഭരണാനുമതിയും 28/12/2018 തീയതിയിലെ സ.ഉ(സാധാ) നം.10644/2018/ധന ഉത്തരവ് പ്രകാരം സിവിൽ, ഇലക്ട്രിക്കൽ ജോലികൾക്കായി 2,13,91,000/- രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നിലവിൽ പഴയങ്ങാടി സബ് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ ജോലികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. ഫർണിഷിംഗിനുള്ള എസ്റ്റിമേറ്റ് തയ്യാറായി വരികയാണെന്നും കെട്ടിടം നിർമ്മാണം 2021 ഏപ്രിൽ 15 തീയതിയോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്നും നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ